# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 2420 – 06/12/2018 -ലെ മറുപടിക്ക്

### വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതി

**ചോദ്യം** **ഉത്തരം**

ശ്രീ.എം.ഉമ്മർ

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| എ | സർക്കാർ പ്രഖ്യാപിച്ച വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതി അർഹരായ ഗുണഭോക്താക്കൾക്ക് ലഭ്യമായില്ല എന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;വിശദാംശം നൽകുമോ; | അർഹരായ മുഴുവൻ ഗുണഭോക്താക്കൾക്കും സഹായം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. ഈ പദ്ധതി വിജയകരമായ രീതിയിൽ പുരോഗമിക്കുകയാണ്. വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള elrs.kerala.gov.in പോർട്ടലിൽ ഓൺലൈനായി സമർപ്പിക്കപ്പെട്ടിട്ടുള്ള അപേക്ഷകളിൽ 2018 നവംബർ 19-ാം തീയതി വരെ സർക്കാരിൽ ലഭിച്ചതും പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം യോഗ്യമാണെന്ന് ബാങ്കുകൾ ശുപാർശ ചെയ്തതുമായ 15303 അപേക്ഷകളിലെ സർക്കാർ വിഹിതമായ 148.25 കോടി രൂപ ബാങ്കുകളുടെ നോഡൽ അക്കൗണ്ടുകളിലേയ്ക്ക് കൈമാറിയിട്ടുണ്ട്. മറ്റ് അപേക്ഷകളിൽ നടപടി പുരോഗമിക്കുകയാണ്. സർക്കാർ വിഹിതം നൽകിയത് സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു. |

(Rs. in crore)

| Release GO and date | No. of Claims | Claim Amount (Govt. Contribution) |
|---|---|---|
| G.O(Rt)No.2807/2018/Fin Dated, 28/03/2018 | 291 | 2.92 |
| G.O(Rt)No.4721/2018/Fin Dated 03/06/2018 | 5899 | 57.58 |

| | | | | |
|---|---|---|---|---|
| | | G.O(Rt)No.6274/2018/Fin Dated 24/07/2018 | 3263 | 30.28 |
| | | G.O(Rt)No.9774/2018/Fin Dated 27/11/2018 | 5850 | 57.47 |
| | | **Total** | **15303** | **148.25** |
| ബി | പ്രസ്തുത ആനുകൂല്യത്തിനായി അപേക്ഷ സമർപ്പിച്ചവർക്ക് അപേക്ഷാ പരിശോധന പൂർത്തിയാക്കി അറിയിപ്പ് നൽകുന്ന കാര്യത്തിൽ പോലും അലംഭാവം കാട്ടുന്നതായുള്ള പത്രവാർത്തകളുടെ നിജസ്ഥിതി പരിശോധിച്ചിട്ടുണ്ടോ; | പദ്ധതി പ്രകാരം യോഗ്യരാകുന്ന അപേക്ഷകരുടെ ഓൺലൈൻ അപേക്ഷകൾ പോർട്ടലിൽ സ്വീകരിക്കപ്പെടുന്ന സമയം തന്നെ അപേക്ഷകർ ഒടുക്കേണ്ട വിഹിതം സംബന്ധിച്ച വിവരം ബാങ്കുകളിൽ നിന്ന് ഉപഭോക്താക്കൾക്ക് ഇ-മെയിൽ വഴിയും എസ്.എം.എസ് വഴിയും നൽകുന്നതിനുള്ള സംവിധാനം elrs.kerala.gov.in ഓൺലൈൻ പോർട്ടലിൽ ഏർപ്പെടുത്തിയിട്ടുണ്ട്. സർക്കാർ ധനസഹായം അനുവദിക്കപ്പെടുന്ന മുറയ്ക്ക് അപേക്ഷകർക്ക് ഇതു സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള സംവിധാനവും പോർട്ടലിൽ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അപേക്ഷകർക്ക് പോർട്ടലിൽ നേരിട്ട് ലോഗിൻ ചെയ്ത് അപേക്ഷയുടെ നിജസ്ഥിതി മനസ്സിലാക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. | | |
| സി | ഉണ്ടെങ്കിൽ ലഭ്യമായ 75409 അപേക്ഷകളിന്മേൽ എത്ര അപേക്ഷകൾക്ക് നാളിതുവരെ തീർപ്പുകൽപ്പിക്കാൻ സാധിച്ചിട്ടുണ്ട്; വിശദമാക്കാമോ; | സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതി പ്രകാരം ആകെ ലഭിച്ച 78069 അപേക്ഷകളിൽ ഇതുവരെ 31738 അപേക്ഷകൾ ബാങ്കുകൾ നിരസിക്കുകയും ബാങ്കുകൾ പരിശോധന പൂർത്തിയാക്കി സർക്കാരിലേയ്ക്ക് സമർപ്പിച്ച 15303 അപേക്ഷകളിന്മേലുള്ള സർക്കാർ വിഹിതമായ 148.25 കോടി രൂപ ബാങ്കുകളുടെ നോഡൽ അക്കൗണ്ടുകളിലേയ്ക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന 31028 അപേക്ഷകൾ ബാങ്കുകളുടെ വിവിധ ഘട്ടങ്ങളിലുള്ള പരിശോധനയിലുമാണ്. | | |

| | | |
|---|---|---|
| ഡി | ഇക്കാര്യത്തിൽ വിസമ്മതമറിയിച്ച ബാങ്കുകൾക്ക് എതിരെ സർക്കാരിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ സാധിക്കുന്നത്; വിശദമാക്കാമോ? | സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതിയിൽ പങ്ക് ചേരുന്നതിന് സന്നദ്ധത അറിയിച്ചിട്ടുള്ള ബാങ്കുകളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**